# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2363

13.02.2013 ൽ മറുപടിയ്ക്ക്

## സഹകരണബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിലെ നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വസ്തു ഈട് നൽകി വായ്പ എടുക്കുന്നതിന് വസ്തു സംബന്ധമായ ഏതെല്ലാം രേഖകൾ ഹാജരാക്കണം; വിശദമാക്കുമോ; | (എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വസ്തു ഈട് നൽകി വായ്പ എടുക്കുന്നതിന് വസ്തു സംബന്ധമായി ഹാജരാക്കേണ്ടതായ രേഖകൾ ഇവയാണ്.<br>1. വസ്തുവിന്റെ അസ്സൽ പ്രമാണം<br>2. മുൻപ്രമാണം/മുന്നാധാരത്തിന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. പതിനഞ്ച് വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്<br>4. കരം അടച്ച രസീത്<br>5. തണ്ടപ്പേർ കണക്ക്<br>6. വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റ്/ സ്കെച്ച്<br>7. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>ബാങ്കിന്റെ അംഗീകൃത നിയമവിദഗ്ധർ (പാനൽ ഓഫ് അഡ്വക്കേറ്റ്സ്) പരിശോധന നടത്തിയശേഷമാണ് വസ്തുവിന്റെ പ്രമാണം ഈടായി സ്വീകരിക്കുന്നത്. ഇത്തരം പരിശോധനയ്ക്ക് വസ്തുസംബന്ധമായ മറ്റേതെങ്കിലും രേഖ ആവശ്യമെങ്കിൽ ടി രേഖകളും ഹാജരാക്കേണ്ടി വരും. |
| (ബി) പ്രസ്തുത വായ്പയ്ക്ക് വസ്തുവിന്റെ മുൻ പ്രമാണത്തിന്റെ അസ്സൽ രേഖതന്നെ | (ബി) ഭാഗപത്രം, ധനനിശ്ചയാധാരം, മുതലായവകളിൽ അസ്സൽ രേഖകൾ ഒന്നിൽ |

| | | | |
|---|---|---|---|
| | വേണമെന്ന് നിർബന്ധമുണ്ടോ;പകരം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്വീകരിക്കുമോ; | | കൂടുതൽ ഇല്ലാത്ത സാഹചര്യത്തിൽ ആയതിന്റെ അസ്സൽ രേഖകൾ ഹാജരാക്കാൻ ബാങ്ക് നിർബന്ധിക്കാറില്ല. പകരം സബ്‌രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെയുള്ള രേഖകൾ നിയമ വിദഗ്ധർ പരിശോധിച്ച് ബാങ്കിന് സർട്ടിഫിക്കറ്റ് നൽകുന്നപക്ഷം ആയത് സ്വീകരിക്കാവുന്നതാണ്. |
| (സി) | ഒറിജിനൽ രേഖ തന്നെ ഹാജരാക്കേണ്ടതുണ്ടെങ്കിൽഒന്നിലധികം പേരുടെ വസ്തുവിന് ഒരേ മുൻപ്രമാണം വരുന്ന സാഹചര്യത്തിൽ ഇതെങ്ങനെ സാദ്ധ്യമാവും; വിശദമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | ഒരു വ്യക്തി അദ്ദേഹത്തിന്റെ പേരിൽ പ്രമാണം ചെയ്ത വസ്തു ഈട് നൽകി വായ്പ എടുക്കുമ്പോൾ അദ്ദേഹത്തിന്റെ മറ്റു സഹോദരങ്ങളുടെ പ്രമാണങ്ങൾ ഹാജരാക്കേണ്ടതുണ്ടോ; | (ഡി) | ഹാജരാക്കേണ്ടതില്ല |
| (ഇ) | ഇങ്ങനെ വരുമ്പോൾ ഒരു സഹോദരൻ മറ്റ് ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിൽ മറ്റു സഹോദരങ്ങൾക്ക് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കാൻ സാധിക്കാതെ വരില്ലേ; | (ഇ) | ബാധകമല്ല |
| (എഫ്) | മറ്റ് ദേശസാൽകൃത ബാങ്കുകളിൽ മുൻപ്രമാണം സംബന്ധിച്ച് ഒറിജിനൽ വേണമെന്ന നിബന്ധന നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ജി) | എങ്കിൽ സംസ്ഥാന സഹകരണ ബാങ്കിൽ മാത്രം ഈ നിബന്ധന നിലനിൽക്കുന്നതെന്തുകൊണ്ടാണ്; വിശദമാക്കുമോ; | (ജി) യും (എച്ച്) ഉം (ഐ) യും | 'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ മുൻ പ്രമാണത്തിന്റെ അസ്സൽ രേഖകൾ ഹാജരാക്കണമെന്ന ഏതെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (എച്ച്) | ഇതിന്റെ അശാസ്ത്രീയതയും | | |

സാധാരണക്കാരന് വായ്പ ലഭിക്കുന്നതിന് ഈ നിബന്ധന വിഘാതമാകുന്നതും കണക്കിലെടുത്ത് ഈ നിബന്ധന മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഐ) ഇക്കാരണത്താൽ അപേക്ഷകൾ നിരസിക്കുന്ന രീതി പുന:പരിശോധിക്കുമോ?

സെക്ഷൻ ഓഫീസർ